**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം-മുൻ നഗരകാര്യവകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ:-LSGD/PD/8802/2024-DEC5-Part(1) തീയതി: 13-12-2024

പരാമർശം: 1) സ.ഉ(പി)നം 3/2017/ഉ.ഭ.പ.വ തീയതി 25.02.2027
2) തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.08.2024 തീയതിയിലെ LSGD/PD/57167/2023-DEC5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ മുൻ നഗരകാര്യ വകുപ്പിലെ ജീവനക്കാരുടെ വിരമിക്കൽ, സ്ഥാനക്കയറ്റം, വിരമിക്കലിന് മുന്നോടിയായുള്ള അവധി തുടങ്ങിയ കാരണങ്ങളാൽ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം അനുവദിച്ചതിന് ശേഷം ലഭ്യമായ ഒഴിവുകളിലേയ്ക്ക് ക്ലാർക്ക് തസ്തികയിലെ അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി സ്ഥാനക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ വിവരം പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ആയത് ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ മുൻ നഗരകാര്യ വകുപ്പിലെ സീനിയർ ക്ലാർക്ക് കേഡർ സ്ട്രെങ്തിൽ ഉണ്ടായ ഒഴിവുകളിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരും മുൻ നഗരകാര്യ വകുപ്പിലെ ജീവനക്കാരുമായിരുന്ന ചുവടെ ചേർക്കുന്ന ക്ലാർക്കുമാരെ 35600-75400/- ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ഓഫീസിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പര് | സീനിയോറിറ്റി നം & വര്ഷം | പേര്, നിലവിലെ ഓഫീസ് | പെൻ | അനുവദിച്ച സ്റ്റേഷൻ |
|---|---|---|---|---|
| 1 | 9 | നീതുരാജ്.എന്.എസ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | 803665 | തിരുവനന്തപുരം കോർപ്പറേഷൻ, തിരുവനന്തപുരം |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 10 | ദീലീപ്.സി. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിന്സിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം [Permanent Test Exemption Under KS&SSR Rule 13 B] | 830778 | **പായിപ്പാട് ഗ്രാമപഞ്ചായത്ത്, കോട്ടയം** |
| 3 | 15 | എന്.കെ.ജിത്ത്. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ [Permanent Test Exemption Under KS&SSR Rule 13 B] | 327202 | **കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, തൃശ്ശൂർ** |

സ്ഥാനക്കയറ്റം ലഭ്യമായ മേൽ ജീവനക്കാരെ ബന്ധപ്പെട്ട ഓഫീസ് മേധാവി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി അടിയന്തിരമായി വിട്ടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ വിട്ടുതൽ /പ്രവേശന വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഈ ഓഫീസിലേയ്ക്കും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലേയ്ക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക്

(ഓഫീസ് മേലധികാരികൾ മുഖേന)

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ബന്ധപ്പെട്ട ഓഫീസ് അധികാരികൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന).
3. സൂപ്രണ്ട്,സീനിയോറിറ്റി സെക്ഷൻ.
4. വെബ് സൈറ്റ്/ കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Resmimol K
Date: 13-12-2024 16:47:23